# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2524** — **12/06/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണത്തിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; | (എ) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ റിസർവ്വ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്ന് വരുന്നു.<br><br>1) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.<br>2) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>3) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200 ഓളം ഉന്നത ഉദ്യോഗസ്ഥന്മാർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നൽക്കുന്ന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റ് നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>5) സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകൽപ്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും നിക്ഷേപകർക്ക് ലഭിക്കുന്ന പ്രയോജനങ്ങളും വിശദീകരിക്കുമോ; | (ബി) | കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ലയനത്തിലൂടെ രൂപീകരിക്കുന്ന ബാങ്കിന് ശക്തമായ സാമ്പത്തിക അടിത്തറ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കേരള സഹകരണ ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും, പരമ്പരാഗത വ്യവസായ മേഖലയിലും, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലും പുത്തനുണർവ്വ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക |

| | | | |
|---|---|---|---|
| | | | വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നിർദ്ദിഷ്ട കേരളബാങ്ക് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; വെളിപ്പെടുത്തുമോ? | (സി) | റിസർവ്വ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കേരള ബാങ്കിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ